## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2016** **12-09-2023 - ൽ മറുപടിയ്ക്ക്**

## എ.ബി.സി. ചട്ട ഭേദഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ഡോ. എം. കെ. മുനീർ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്രസർക്കാർ പുറപ്പെടുവിച്ച അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) ചട്ട ഭേദഗതി സംസ്ഥാനത്ത് പുതിയ തെരുവുനായ വന്ധ്യംകരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 2023 ലെ ഭേദഗതി ചെയ്ത എബിസി റൂൾ പ്രകാരം ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ അധികമായി ഓരോ എബിസി കേന്ദ്രങ്ങളും പാലിക്കേണ്ടതുണ്ട്.<br><br>1. ഓരോ എബിസി കേന്ദ്രവും പ്രവർത്തിയ്ക്കുന്നതിന് ആവശ്യമായ Project Recognition അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയിൽ നിന്ന് നേടേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന എബിസി പദ്ധതികൾ, പുതുക്കിയ എബിസി റൂൾ പ്രകാരം അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ കീഴിലുള്ള Project Recognition Committee യുടെ അംഗീകാരത്തോടു കൂടി മാത്രമേ നടപ്പിലാക്കാൻ കഴിയൂ. Project Recognition Committee യുടെ അംഗീകാരമില്ലാതെ ഒരു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും എബിസി പദ്ധതി **ഏ**റ്റെടുക്കാൻ പാടുള്ളതല്ല എന്ന് പുതുക്കിയ എബിസി റൂളിൽ നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലുള്ള എബിസി സെന്ററുകളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി അനിമൽ വെൽഫെയർ ബോർഡിന്റെ Project Recognition certificate ലഭിയ്ക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>2. ഒരു എബിസി കേന്ദ്രത്തിൽ എബിസി ചെയ്യുന്നതിനായി നിയോഗിക്കപ്പെടുന്ന ഡോക്ടർമാരിൽ ഒരാൾ 2000 എബിസി സർജറികൾ ചെയ്തിട്ടുണ്ടായിരിക്കണം.<br><br>3. സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും പദ്ധതി മോണിറ്റർ ചെയ്യുന്നതിന് പുതിയ കമ്മിറ്റികൾ ചട്ട പ്രകാരം രൂപീകരിയ്ക്കണം.<br><br>4. സിസിടിവി, ഇൻസിനറേറ്റർ, എന്നിവ അടക്കമുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും എബിസി |

| | | | |
|---|---|---|---|
| | | | സെന്ററിൽ ക്രമീകരിയ്ക്കണം.<br><br>ഭേദഗതി ചെയ്ത എബിസി റൂളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ചട്ടപ്രകാരം നിശ്ചിത എണ്ണം വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയ ഡോക്ടർമാരെ മാത്രമേ വന്ധ്യംകരണ കേന്ദ്രങ്ങളിൽ നിയമിക്കാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. **2023 ലെ ഭേദഗതി ചെയ്ത എബിസി റൂൾ പ്രകാരം ഒരു എബിസി കേന്ദ്രത്തിൽ എബിസി ചെയ്യുന്നതിനായി നിയോഗിക്കപ്പെടുന്ന ഡോക്ടർമാരിൽ ഒരാൾ 2000 എബിസി സർജറികൾ ചെയ്തിട്ടുണ്ടായിരിക്കണം.** |
| (സി) | പുതിയ എ.ബി.സി. സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. ഓരോ ജില്ലയിലും എബിസി പദ്ധതി ആരംഭിയ്ക്കുന്നതിനുള്ള കേന്ദ്രങ്ങൾ ജില്ലകളിൽ കണ്ടെത്തുന്നതിന് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും ആയതിന് ആവശ്യമായ തുക ജില്ലാ പഞ്ചായത്തിന്റെ വിഹിതത്തിലുൾപ്പെടുത്താൻ വേണ്ട നടപടികൾ കൈകൊള്ളാനും ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകി. ഈ വിഷയത്തിൽ പുരോഗതി വിലയിരുത്തി തുടർനടപടികൾ സ്വീകരിയ്ക്കുന്നതിന് തദ്ദേശസ്വയംഭരണം, ആരോഗ്യം, മൃഗസംരക്ഷണം എന്നീ വകുപ്പ് മന്ത്രിമാരുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും യോഗം കൂടുകയും തുടർ നടപടികൾ സമയബന്ധിതമായി കൈ കൊള്ളുന്നതിന് തീരുമാനിയ്ക്കുകയും ചെയ്തു. സംസ്ഥാനത്ത് 45 എബിസി സെന്ററുകൾ പ്രവർത്തിപ്പിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ